**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4784** **20-07-2022 - ൽ മറുപടിയ്ക്ക്**

**തടിക്കാട്-മാത്ര-അടുക്കളമൂല പാർശ്വഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തൊമ്പത് കോടി പത്ത് ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ച തടിക്കാട്-മാത്ര-അടുക്കളമൂല റോഡിന്റെ നിർമ്മാണത്തിനായി ചെങ്കുത്തായ പല പ്രദേശങ്ങളിലും ഭൂമി ഇടിച്ചതിന്റെ ഭാഗമായി പാർശ്വഭിത്തി നിർമ്മിക്കാത്തതിനാൽ കാലവർഷത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തി നവീകരിച്ച തടിക്കാട്-മാത്ര -അടുക്കളമൂല റോഡിൽ ഇടതുഭാഗത്ത് ചെയിനേജ് 7/860 ഭാഗത്തെ മണ്ണിടിച്ചിൽ ഭീഷണി ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (ബി) | ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ വീടിനുൾപ്പെടെ വലിയനാശനഷ്ടങ്ങളും ജീവന് ഭീഷണിയാകുന്ന തരത്തിൽ മണ്ണിടിച്ചിലും ഉണ്ടാകുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | പ്രസ്തുത സ്ഥലത്ത് സാധാരണ രീതിയിലുള്ള സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ വീതി ലഭ്യമല്ല. ആയതിനാൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സാങ്കേതിക നിർദ്ദേശം തേടുകയുണ്ടായി തുടർന്ന് ഷീറ്റ് പൈൽ മാതൃകയിൽ സംരക്ഷണഭിത്തിയുടെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കിഫ്ബിയിൽ നടത്തിയ മീറ്റിംഗിനെ തുടർന്ന് കിഫ്ബി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. കിഫ്ബിയിൽ നിന്നുള്ള സാങ്കേതിക നിർദ്ദേശം കൂടി ലഭ്യമാക്കി സംരക്ഷണഭിത്തി നിർമ്മിക്കുതിനുള്ള തുക ലഭ്യതയ്ക്കുള്ള തുടർ നടപടികൾ സ്വീകരിച്ചു പ്രവൃത്തി നടപ്പിലാക്കുവാനാകുന്നതാണ്. |
| (സി) | പാർശ്വഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കി സംരക്ഷണ ഭിത്തിയുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത സ്ഥലത്ത് സാധാരണ രീതിയിലുള്ള സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ വീതി ലഭ്യമല്ല. ആയതിനാൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സാങ്കേതിക നിർദ്ദേശം തേടുകയുണ്ടായി തുടർന്ന് ഷീറ്റ് പൈൽ മാതൃകയിൽ സംരക്ഷണഭിത്തിയുടെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കിഫ്ബിയിൽ നടത്തിയ മീറ്റിംഗിനെ തുടർന്ന് കിഫ്ബി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. കിഫ്ബിയിൽ നിന്നുള്ള സാങ്കേതിക നിർദ്ദേശം കൂടി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള തുക ലഭ്യതയ്ക്കുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാനാകുന്നതാണ്. |

സെക്ഷൻ ഓഫീസർ